# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3807 — 15.12.2014-ൽ മറുപടിയ്ക്ക്

## സോളാർ കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സോളാർ കേസന്വേഷണത്തിന്റെ ഭാഗമായി പ്രതി സരിത എസ് നായരിൽ നിന്ന് എത്ര മൊബൈൽ ഫോണുകളും ലാപ്പ്ടോപ്പുകളും അന്വേഷണ ഉദ്യോഗസ്ഥർ പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 6 മൊബൈൽ ഫോണുകളും, ഒരു ലാപ്പ്ടോപ്പും. |
| (ബി) | ഏതെല്ലാം ഉദ്യോഗസ്ഥർ എത്ര വീതം മൊബൈൽ ഫോണുകളും ലാപ്പ്ടോപ്പുകളുമാണ് പിടിച്ചെടുത്തതെന്നും ഇതിൽ എത്ര വീതം ഏതെല്ലാം കോടതിയിൽ ഹാജരാക്കിയെന്നും വ്യക്തമാക്കാമോ; | (ബി) | 1. ശ്രീ.സുധീർ മനോഹർ, എസ്.ഐ., പെരുമ്പാവൂർ-2 ഫോണുകൾ.<br>2. ശ്രീ.വി.റോയ്, പോലീസ് ഇൻസ്പെക്ടർ, പെരുമ്പാവൂർ-4 ഫോണുകളും, ഒരു ലാപ്പ്ടോപ്പും പിടിച്ചെടുത്തു. ഇവയെല്ലാം തന്നെ പെരുമ്പാവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. |
| (സി) | സോളാർ കേസിലെ നിർണ്ണായക തെളിവുകളടങ്ങിയ 3 മൊബൈൽ ഫോണും ഒരു ലാപ്പ്ടോപ്പും പോലീസ് പിടിച്ചെടുത്ത് കോടതിയിൽ ഹാജരാക്കാതെ പൂഴ്ത്തി വയ്ക്കുകയും തനിക്കെതിരെ ദുരുപയോഗിക്കുകയും ചെയ്യുന്നുവെന്ന് കാണിച്ച് സരിത എസ് നായർ ഡി . ജി .പി യ്ക്ക് പരാതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. തന്റെ ദൃശ്യങ്ങൾ പുറത്തുവിട്ടത് സംബന്ധിച്ചും മറ്റുമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സരിത.എസ്.നായരുടെ ഒരു പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ